# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2310** | **18/02/2016-ൽ മറുപടിക്ക്**

**ജീവൻ രക്ഷാമരുന്നുകളുടെ വില വർദ്ധന**

ചോദ്യം | മറുപടി

**ശ്രീമതി.കെ. എസ്.സലീഖ** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ലഭ്യമായിരുന്ന ജീവൻ രക്ഷാ മരുന്നുകൾ ഏതെല്ലാം; പ്രസ്തുത മരുന്നുകളുടെ വിലയിലുണ്ടായ വർദ്ധനവ് എത്ര ശതമാനമാണ് ; വിശദാംശം ലഭ്യമാക്കുമോ; | എ) | 348 മരുന്നുകൾ അടങ്ങുന്ന ഒരു പട്ടിക കേന്ദ്ര സർക്കാർ നാഷണൽ ലിസ്റ്റ് ഓഫ് എസൻഷ്യൽ മെഡിസിൻസ് (NLEM) എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ലിസ്റ്റിൽപ്പെട്ട മരുന്നുകളാണ് ജീവൻ രക്ഷാമരുന്നുകൾ ആയി കണക്കാക്കുന്നത്. ഈ പട്ടികയിൽപ്പെട്ട മരുന്നുകളെല്ലാം തന്നെ കാലാകാലങ്ങളായി സംസ്ഥാനത്ത് സുലഭമായി ലഭ്യമാകുന്നുണ്ട്. 2013 ന് മുൻപ് കേന്ദ്ര സർക്കാർ 76 ഇനം മരുന്നുകളുടെ വിലകൾ മാത്രമാണ് നിശ്ചയിച്ചുറപ്പിച്ചിരുന്നത്. എന്നാൽ 2013 മുതൽ മേൽപ്പറഞ്ഞ NLEM ൽ വരുന്ന 348 മരുന്നുകളുടെ വില കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി (NPPA) നിശ്ചയിച്ചുറപ്പിക്കുകയുണ്ടായി. ഇപ്പോൾ 348 മരുന്നുകളും അവയുടെ വിവിധ കോംപിനേഷനുകളും ഉൾപ്പെടെ 600 ഓളം മരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിച്ചിട്ടുണ്ട്. ഇപ്രകാരം നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയേക്കാൾ കൂടുതൽ ഏതെങ്കിലും നിർമ്മാതാക്കൾ ഈടാക്കുന്നതായി കണ്ടെത്തിയാൽ, ഇപ്രകാരം അധിക വില ഈടാക്കി വിപണനം ചെയ്ത എല്ലാ ബാച്ചുകളുടെയും കണക്കെടുത്ത് അതിന്റെ പിഴയും ഉൾപ്പെടുത്തി നിർമ്മാതാക്കളിൽ നിന്ന് ഈടാക്കുന്നതിന് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയെ |

| | | |
|---|---|---|
| | | (NPPA) അധികാരപ്പെടുത്തിയിട്ടുണ്ട്. NPPA നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വില വർദ്ധിപ്പിക്കാൻ നിർമ്മാതാവിനോ മറ്റേതെങ്കിലും ഏജൻസിയ്ക്കോ നിയമപരമായി അധികാരമില്ല. ആയതിനാൽ NLEM ൽ ഉൾപ്പെട്ട ജീവൻ രക്ഷാ മരുന്നുകൾക്ക് കേന്ദ്ര സർക്കാരിന്റെ അറിവില്ലാതെ വില വർദ്ധനവ് ഉണ്ടാകുന്നില്ല. എന്നാൽ NLEM ലിസ്റ്റിൽ ഉൾപ്പെടാത്ത അനേകം മരുന്നുകൾ വിപണിയിൽ ലഭ്യമാണ്. ഇവയുടെ വില നിശ്ചയിക്കുന്നത് നിർമ്മാതാക്കളാണെങ്കിലും, അതിനും NPPA യുടെ അംഗീകാരം ആവശ്യമാണ്. ഇത്തരത്തിൽ വില തിട്ടപ്പെടുത്തിയിട്ടുള്ള NLEM ൽ ഉൾപ്പെടാത്ത മരുന്നുകൾക്ക് ഒരു വർഷത്തിൽ 10% ൽ അധികം വില വർദ്ധിപ്പിക്കുവാൻ അനുവദിക്കാത്ത രീതിയിൽ ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ 2013 വഴി നിയമ നിർമ്മാണം നടപ്പാക്കിയിട്ടുണ്ട്. ഇപ്രകാരം നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള മരുന്നുകളുടെ വിലയേക്കാൾ കൂടുതൽ വിലയ്ക്ക് വിൽപന നടത്തുന്ന മരുന്നുകളുടെ വിൽപന തടഞ്ഞ്, വകുപ്പ് അനന്തര നടപടികൾക്കായി വിവരം NPPA യെ, അറിയിക്കുന്നുണ്ട്. NPPA ശിക്ഷാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |
| ബി) പ്രസ്തുത മരുന്നുകളുടെ സംസ്ഥാനത്തെ മൊത്ത വിതരണ ച്ചുമതലക്കാർ ആരെല്ലാം; പ്രസ്തുത മരുന്നുകളുടെ വില വർദ്ധന തടയുവാൻ ഇവരുടെ പേരിൽ എന്തു നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ; | ബി) | വിവിധ കമ്പനികൾ ഉല്പാദിപ്പിക്കുന്ന പല ബ്രാൻഡിലുള്ള അനേകായിരം മരുന്നുകൾ സംസ്ഥാന വിപണി ഉൾപ്പെടെ രാജ്യമെമ്പാടും വിതരണം ചെയ്ത് ഉപയോഗിക്കപ്പെടുന്നുണ്ട്. എല്ലാ നിർമ്മാതാക്കളും അവരുടെ മരുന്നുകൾ വിപണനം ചെയ്യുന്നതിലേയ്ക്കായി ഓരോ സംസ്ഥാനത്തും ഒന്നോ അതിലധികമോ ഫസ്റ്റ് പോയിന്റ് സെല്ലേഴ്സിനെയും (Depot, C & F Agency, Super Stockist), അവരുടെ കീഴിൽ ജില്ലാതല ഡിസ്ട്രിബ്യൂട്ടേഴ്സിനെയും/ സബ് ഡിസ്ട്രിബ്യൂട്ടേഴ്സിനെയും നിയമിച്ചുകൊണ്ടുള്ള വിതരണ ശൃംഖലാ രീതിയാണ് സ്വീകരിച്ചു വരുന്നത്. കൂടാതെ സ്വന്തമായി വിതരണ ശൃംഖല ഇല്ലാത്ത നിർമ്മാതാക്കൾ അവരുടെ മരുന്നുകൾ പ്രൊപ്പൊഗൻഡ കം ഡിസ്ട്രിബ്യൂഷൻ വഴി വിതരണം ചെയ്യുന്നതിലേയ്ക്കായി വിതരണക്കാരെ നിയ |

| | | |
|---|---|---|
| | | മിക്കുന്ന രീതിയുമുണ്ട്. സംസ്ഥാനത്ത് 5800 ഔഷധ മൊത്ത വിതരണക്കാർ ഉണ്ട്. NPPA നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വില (Ceiling price) യേക്കാൾ കൂട്ടി MRP പ്രിന്റ് ചെയ്ത് വിപണിയിലെത്തിക്കുന്ന മരുന്നുകൾ കണ്ടെത്തി അവയുടെ നിർമ്മാതാക്കൾക്കെതിരെ നടപടി സ്വീകരിക്കുന്നതിലേയ്ക്കായി NPPA അറിയിക്കുന്നതാണ് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടി. 2015 ൽ ഇത്തരം അമിതമായി വില ഈടാക്കിയ 50 ഓളം മരുന്നുകൾ വകുപ്പ് കണ്ടെത്തുകയും NPPA യ്ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ മരുന്നിന്റെ ലേബലിൽ പ്രിന്റ് ചെയ്തിരിക്കുന്ന MRP യെക്കാൾ അധിക വില ഏതെങ്കിലും വ്യാപാരി ഈടാക്കിയതായി കണ്ടെത്തിയാൽ അവർക്കെതിരെ നിയമ നടപടി വകുപ്പ് സ്വീകരിച്ചു വരുന്നു. 2015 ൽ ഇത്തരത്തിൽ 2 കേസുകൾ വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| സി) വില വർദ്ധനവ് സംബന്ധിച്ച് ഡ്രഗ്സ് കൺട്രോളർ പി. ഹരിപ്രസാദ് നല്കിയ റിപ്പോർട്ടിൽ പറയുന്ന വിശദാംശങ്ങൾ എന്തെല്ലാം; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | സി) | Drugs & Price Control Order (DPCO) 2013 ലെ 19-ാമത്തെ ഖണ്ഡിക പ്രകാരം കേന്ദ്ര സർക്കാരിന്റെ പൊതുജന താല്പര്യാർത്ഥം (മേൽപ്പറഞ്ഞ 348 മരുന്നുകളിൽപ്പെടാത്ത) ഏതൊരു മരുന്നിന്റെയും വില പരിധി നിശ്ചയിക്കുവാൻ അധികാരം നൽകുന്നുണ്ട്. ഈ ഖണ്ഡിക പ്രകാരം കേന്ദ്ര സർക്കാർ 29/05/2014 ന് ഒരു സർക്കുലർ (Internal Guideline) പുറത്തിറക്കിയിരുന്നു. ഈ സർക്കുലറിന്റെ അടിസ്ഥാനത്തിൽ 348 NLEM അവശ്യ മരുന്നുകളിൽപ്പെടാത്ത 108 മരുന്നുകളുടെ വില പരിധി നിശ്ചയിക്കുകയും ചെയ്തു. എന്നാൽ മരുന്ന് ഉല്പാദകർ ബഹു. കോടതിയെ സമീപിച്ച സാഹചര്യത്തിൽ പ്രസ്തുത Internal Guideline കേന്ദ്ര സർക്കാർ പിൻവലിക്കുകയും ചെയ്തു. ഇത് മരുന്നുകളുടെ ആകെയുള്ള വില നിയന്ത്രണം തന്നെ പിൻവലിച്ചു എന്ന് തെറ്റായി വ്യാഖ്യാനം ചെയ്ത് പത്ര മാധ്യമങ്ങളിൽ വരുകയും ചെയ്തു. 348 അവശ്യ മരുന്നുകൾക്ക് ഇതു മൂലം വില വർദ്ധനവ് ഉണ്ടായിട്ടില്ലെന്ന് സംസ്ഥാന ഡ്രഗ്സ് |

| | | |
|---|---|---|
| | | കൺട്രോളർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) |
| ഡി)അമിതവില വർദ്ധനവുണ്ടായ ജീവൻരക്ഷാ മരുന്നുകൾ ഏതെല്ലാമാണെന്നും ഇതിൽ ഏതെല്ലാം മരുന്നുകളുടെ വിതരണവും വില്പനയും കേരളത്തിൽ നിർത്തിവച്ചിട്ടുണ്ടെന്നും അറിയിക്കുമോ ; ജീവൻരക്ഷാ മരുന്നുകൾ വിലകുറച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ ; | ഡി) | കേന്ദ്ര സർക്കാരിന്റെ 2013 ലെ ഡ്രഗ്സ് പ്രൈസസ് കൺട്രോൾ ഓർഡർ പ്രകാരം NLEM ൽ ഉൾപ്പെടുത്തിയിട്ടുള്ള 348 ഇനം മരുന്നുകളുടെയും അവയുടെ വിവിധ അളവുകളുടെ ഫോർമുലേഷനും ഉൾപ്പെടെ 600 ഓളം മരുന്നുകളുടെ വിലയാണ് നിശ്ചയിച്ചുറപ്പിച്ചിരിക്കുന്നത്. ഈ മരുന്നുകൾ ഒന്നിന്റെയും തന്നെ വിലയിൽ വർദ്ധനവ് വരുത്തുവാൻ കേന്ദ്ര സർക്കാർ ഒഴികെയുള്ള ഒരു ഏജൻസിയ്ക്കും സാധിക്കുകയില്ല. കൂടാതെ NLEM ൽ ഉൾപ്പെടുത്താത്ത മരുന്നുകളുടെ വിലകളും NPPA യും വകുപ്പും നിരീക്ഷിച്ചു വരുന്നുണ്ട്. നിയമത്തിൽ അനുശാസിക്കുന്ന 10% വാർഷിക വർദ്ധനവ് മാത്രമാണ് നിർമ്മാതാക്കൾക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യം. അത്തരത്തിലുള്ള വർദ്ധനവും NPPA യുടെ അനുമതിയോടെ മാത്രമേ പാടുള്ളു എന്നും നിഷ്ക്കർഷിക്കുന്നുണ്ട്.<br>NPPA നിശ്ചയിച്ചിട്ടുള്ള വില ലംഘിച്ച് വിപണനം നടത്തുന്ന നിർമ്മാതാക്കൾക്കെതിരെ പിഴ ഈടാക്കുന്നതും, MRP യെക്കാൾ കൂടുതൽ വില ഈടാക്കുന്ന വ്യാപാരികൾക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതുമാണ് നിലവിലുള്ള ശിക്ഷാ നിയമം. ഇത്തരത്തിലുള്ള സന്ദർഭങ്ങളിൽ മരുന്നുകളുടെ വിതരണവും വില്പനയും നിർത്തി വയ്പിക്കാനുള്ള നിയമങ്ങളൊന്നും തന്നെ നിലവിലില്ല.<br>സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും ജീവൻ രക്ഷാ മരുന്നുകൾ തീർത്തും സൗജന്യമായാണ് വിതരണം ചെയ്യുന്നത്. കൂടാതെ പൊതുജന താല്പര്യാർത്ഥം സർക്കാരിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തി തുടങ്ങിയിട്ടുള്ള മാവേലി, നീതി, കാരുണ്യ എന്നീ സ്ഥാപനങ്ങൾ വഴി പരമാവധി വില കുറച്ചാണ് ജീവൻ രക്ഷാ മരുന്നുകൾ വിപണനം നടത്തുന്നത്. ബ്രാൻഡ് നാമത്തിലുള്ള മരുന്നുകളെക്കാൾ ജനറിക് നാമത്തിലുള്ള മരുന്നുകളുടെ വിപണനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള ജൻ ഔഷധി മെഡിക്കൽ |

| | | |
|---|---|---|
| | | സ്റ്റോറുകളും സംസ്ഥാനത്ത് തുടങ്ങുന്നതിനുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് അവയ്ക്കും അനുവാദം നൽകുന്നത് പരിശോധിക്കുന്നതാണ്. |
| ഇ)ഈ സർക്കാർ, മരുന്നുനിർമ്മാണ കമ്പനികളിൽ നിന്നും ഉപഹാരം സ്വീകരിച്ചിരുന്ന ഏതെല്ലാം ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിച്ചു; ഇത്തരം ആനുകൂല്യം സ്വീകരിക്കുന്ന ഡോക്ടർമാർക്കെതിരെ കടുത്ത ശിക്ഷാ/നിയമ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശം വ്യക്തമാക്കുമോ? | ഇ) | ഉപഹാരം സ്വീകരിച്ച ഡോക്ടർമാരെ കുറിച്ചുള്ള പരാതികളൊന്നും ഈ വകുപ്പിൽ ലഭിച്ചിട്ടില്ല. പരാതികൾ ലഭിക്കുന്നതിനനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

നം. എ. 528/2015/ഡിസി
ഡ്രഗ്സ് കൺട്രോളർ

ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം
(ഡ്രഗ്സ് കൺട്രോൾ വകുപ്പ്)
റെഡ് ക്രോസ് റോഡ്
തിരുവനന്തപുരം 695035
ഫോൺ - 0471 2471896
ഇമെയിൽ - dckerala@gmail.com
വെബ്സൈറ്റ്– www.dc.kerala.gov.in

തീയതി 28/2/15

ഗവൺമെന്റ് സെക്രട്ടറി,
ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം - ഔഷധങ്ങളുടെ വില നിയന്ത്രണം – ബഹു. ഇന്ത്യൻ പ്രധാനമന്ത്രി ബഹു. കേരള മുഖ്യമന്ത്രിക്ക് അയച്ച് 25/10/2014-ലെ കത്ത് – സംബന്ധിച്ച്

സൂചന- 1/1/2015-ലെ 61752/എഫ1/2014/ആകുവ നം. സർക്കാർ കത്ത്

സൂചന കത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. Drugs & Price Control Order (DPCO) 2013 – പ്രകാരം National List of Essential Medicines (NLEM)-ലെ 348 അവശ്യ മരുന്നുകളുടെയും അവയുടെ വിവിധ കോംബിനേഷനുകളുടെയും മരുന്നുകൾക്ക് മാർക്കററ് വില സൂചിക പ്രകാരം വിലപരിധി നിശ്ചയിച്ചുവരുന്നു. ഭൂരിഭാഗം മരുന്നിന്റേയും വില നിശ്ചയിച്ച് National Pharmaceutical Pricing Authority (NPPA) ഉത്തരവിറക്കി കഴിഞ്ഞിട്ടുണ്ട്.

Drugs & Price Control Order (DPCO) 2013 ലെ 19-മത്തെ ഖണ്ഡിക പ്രകാരം കേന്ദ്രസർക്കാരന്റെ പൊതുജന താൽപര്യാർത്ഥം (മേൽപ്പറഞ്ഞ 348 മരുന്നുകളിൽപ്പെടാത്ത) ഏതൊരു മരുന്നിന്റേയും വിലപരിധി നിശ്ചയിക്കുവാൻ അധികാരം നൽകുന്നുണ്ട്. ഈ ഖണ്ഡിക പ്രകാരം കേന്ദ്ര സർക്കാർ 29/5/2014-ന് ഒരു സർക്കുലർ (Internal Guideline) പുറത്തിറക്കി. പ്രസ്തുത സർക്കുലർ പ്രകാരം "NPPA will monitor inter-brand price differences of non-scheduled (non-NLEM) formulations on the basis of monthly MRP based data provided by the IMS Health (a data base management system). From the data obtained from IMS Health, NPPA would identify the cases where the MRP of the price of brands exceeds 25% of simple average price of the said category". ഈ സർക്കുലറിന്റെ അടിസ്ഥാനത്തിൽ 348 NLEM അവശ്യ മരുന്നുകളിൽപ്പെടാത്ത 108 മരുന്നുകളുടെ വിലപരിധി നിശ്ചയിക്കുകയും ചെയ്തു. എന്നാൽ മരുന്നു ഉൽപ്പാദകർ ബഹു. കോടതിയെ സമീപിച്ച സാഹചര്യത്തിൽ പ്രസ്തുത Internal Guideline കേന്ദ്ര സർക്കാർ പിൻവലിക്കുകയും ചെയ്തു. ഇത് മരുന്നുകളുടെ ആകെയുള്ള വിലനിയന്ത്രണം തന്നെ പിൻവലിച്ചു എന്ന് തെററായി വ്യാഖ്യാനം ചെയ്ത് പത്രമാധ്യമങ്ങളിൽ വരുകയും ചെയ്തു. 348 അവശ്യമരുന്നുകളുടെ നിയന്ത്രണത്തിന് യാതൊരു മാററവും വന്നിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണ്.

ഇപ്രകാരം വിലനിയന്ത്രണം പിൻവലിച്ച നിബന്ധനകൾ പുനസ്ഥാപിക്കണമെന്ന് ഒരു നിവേദനം ബഹു. കേരള മുഖ്യമന്ത്രി ബഹു. ഇന്ത്യൻ പ്രധാനമന്ത്രിക്ക് നൽകുകയുണ്ടായി. പ്രസ്തുത നിവേദനം കിട്ടിയതായി അറിയിക്കുന്ന 25/10/2014ലെ കത്താണ് സൂചന കത്തിനോടൊപ്പം അയച്ചിരിക്കുന്നത്. അതിൻമേൽ നടപടികൾ ഇനി കേന്ദ്ര സർക്കാരാണ് എടുക്കേണ്ടത്. ഇതു സംബന്ധിച്ച് തീരുമാനം വരുന്നതുവരെ ഈ വകുപ്പിന് പ്രത്യേകിച്ച് നടപടികളൊന്നും തന്നെയില്ലെന്ന് സർക്കാരിനെ അറിയിക്കുന്നു

വിശ്വസ്തതയൊടെ,

ഡ്രഗ്സ് കൺട്രോളർ

പകർപ്പ് TA to DC

SO